# വാതജ്വരം : ലക്ഷണവും പ്രതിവിധിയും

വി. കെ ഫ്രാൻസീസ്

ഏതു കാലഘട്ടത്തിലും ഏതു പ്രായക്കാരിലും ഏതവസ്ഥയിലും മനുഷ്യന് ജ്വരം വരാവുന്നതാണ്. നാൽക്കാലികളിൽ ജ്വരം അന്തകരൂപം പൂണ്ടുവരുമെങ്കിലും മനുഷ്യനിൽ ജ്വരം പലപ്പോഴും മരണകാരണമാകാറില്ല. എന്നാൽ അടുത്തയിടയായി ചില ജ്വരങ്ങൾ മനുഷ്യനിലും മരണത്തെ ഉണ്ടാക്കിയിട്ടുണ്ട്. അതുമിക്കവാറും രോഗനിർണ്ണയത്തിലേയും ഔഷധപ്രയോഗത്തിലെയും തകരാറുകളാണ് എന്ന് വ്യക്തം. ആയുർവ്വേദത്തിൽ ജ്വരത്തെ എട്ടായിതരം തിരിച്ചിട്ടുണ്ട്. 1. വാതജ്വരം 2. പിത്തജ്വരം 3 കഫജ്വരം 4. വാതപിത്തജ്വരം 5. വാതകഫജ്വരം 6 പിത്തകഫജ്വരം 7. വാതപിത്തകഫജ്വരം 8. ആഗന്തുക ജ്വരം

## വാതജ്വരം

അടി, ഇടി മുതലായ ഏൽക്കുക കൊണ്ടും മലമൂത്രാദിവേഗങ്ങളെ തടുക്കുന്നതുമൂലവും രക്തസ്രാവം കൊണ്ടും അതിമൈഥുനം കൊണ്ടും ഭയം, ദുഃഖം, ഉറക്കമൊഴിയൽ ഇവകൊണ്ടും രൂക്ഷം, ലഘു, ശീതം, വമനം, വിരേചനം, കഷായവസ്തി, ശിരോവസ്തി ഇവയുടെ അതിയായതോ അനാവശ്യമായതോ അല്പമാത്രയിലോ ഉള്ള പ്രയോഗത്താൽ കുപിതനായ വായുവും ആമാശയത്തിൽ പ്രവേശിച്ച് ആഹാരാദികളുടെ ദഹനത്താലുണ്ടാകുന്ന രാസധാതുവിനോടുകൂടിചേർന്ന് രാസധാതുവിനെത്തന്നേയും വിയർപ്പിനേയും വഹിക്കുന്ന സ്രോതസ്സുകളെ തടഞ്ഞ് ദഹനശക്തിയെ മന്ദീഭവിപ്പിച്ച് അഗ്നിയെ വെളിക്കുതള്ളി ശരീരം മുഴുവൻ വ്യാപിക്കുമ്പോൾ ജ്വരമുണ്ടാകുന്നു.

## ലക്ഷണങ്ങൾ

പനി ഇടക്കിടെ വരികയും പോകുകയും ചെയ്യുക, മലമൂത്രാദികൾ തടയപ്പെടുകയോ അല്പാല്പമായി പോകുകയോ ഓരോ അവയവങ്ങൾക്കും നാനാവിധ പീഡകൾ ഉണ്ടാക്കുകയും അരക്കെട്ട്, തുട, കാൽമുട്ട് എന്നുവേണ്ട ഓരോ സന്ധികളും തകർന്നുപോകുംപോലെ വേദനിക്കുകയും മാംസപേശികളോരോന്നും കഠിനമർദ്ദനമേറ്റാലെന്നപോലെ വേദനിക്കുകയും ചെയ്യും. ഹൃദയത്തിൽ പിടിത്തം, വിശപ്പും ദാഹവുമില്ലാതാവുക, വായിൽ വെള്ളമൂറുക, ശരീരവിറയൽ, ക്ഷീണം, രോമാഞ്ചം, പല്ലു തരിക്കുക, കഫമോ മറ്റു ദ്രവങ്ങളോ ഇല്ലാതെ ചുമയ്ക്കുകയും ഓക്കാനിക്കുകയും ചെയ്യുക, ഇവ വാതജ്വരത്തിന്റെ ലക്ഷണങ്ങളാണ്. ഇതിനെത്തന്നെയാണ് "ഇൻഫ്ളുവൻസാ" എന്നു പറയുന്നത്.

## ചികിത്സ

ആയുർവ്വേദത്തിൽ വാതജ്വരത്തിന് വലിയ ചെലവില്ലാതെ ഫലവത്തായ ചികിത്സയുണ്ട്. അല്പം ക്ഷമയും ഔഷധസസ്യങ്ങൾ തിരിച്ചറിയുവാനുള്ള കഴിവുമുണ്ടെങ്കിൽ ആശുപത്രിവാസവും തദ്വാരയുള്ള മറ്റനേകദുരിതങ്ങളും ഒഴിവാക്കാം. ആടലോടകവേര്, പുത്തിരിച്ചുണ്ടവേര്, ചെറുവഴുതിനവേര്, ചിറ്റമൃത്, ഓരില വേര്, മൂവ്വില വേര്, കണ്ടകാരി, ഞെരിഞ്ഞിൽ, ഇരുവേലി, മുത്തങ്ങാക്കിഴങ്ങ്, ചുക്ക് ഇവ സമം (ഓരോന്നും 5 ഗ്രാം വീതം) നന്നായി ചതച്ച് ഇടങ്ങഴി വെള്ളത്തിൽ വെന്ത് നാഴിയാക്കി ഓരോ തുടം വീതം രാവിലെയും രാത്രിയും തേനും തിപ്പലിപൊടിച്ചതും മേമ്പോടിചേർത്ത് സേവിച്ചാൽ മൂന്നുദിവസം കൊണ്ട് പരിപൂർണ്ണമായും സുഖപ്പെടുത്തുന്നതാണ് വായിരുചിയുണ്ടാക്കുവാനായി ഒരു സ്പൂൺ ഇഞ്ചി നീരും അല്പം കുരുമുളകുപൊടിയും അരസ്പൂൺ തേനും അല്പം നെയ്യും അല്പം പഞ്ചസാരയോ കൽകണ്ടമോ ചേർത്ത് അല്പനേരം വായിൽ കൊണ്ടുനിർത്തിയ ശേഷം ഉള്ളിലേക്ക് ഇറക്കിയാൽ മതി.

---

വടക്കേക്കുടി, ഊന്നുകൽ, നെല്ലിമറ്റം-686 693

## ചികിത്സാരംഗത്തെ വിസ്മയം

ഡോ. പി.നാരായണൻകുട്ടി മേനോൻ

മനുഷ്യ ശരീരത്തിൽ തട്ടൽ, മുട്ടൽ, വീഴ്ച, അപകടങ്ങൾ, ഭയം തുടങ്ങിയവയെ കൊണ്ട് ഉണ്ടാകുന്ന മർമ്മ ആഘാതങ്ങൾക്കുള്ള പ്രതിവിധി മർമ്മ ചികിത്സയാണല്ലോ. തെക്കെ ഇന്ത്യൻ ദ്രാവിഡ പരമ്പരാഗത വർമ്മശാസ്ത്രം താണുവിൽ നിന്ന് (ശിവൻ) ഉത്ഭവിച്ച വൈദ്യശാസ്ത്രമായതുകൊണ്ട് വർമ്മചികിത്സയെ താണുവോളജിയെന്നും ഹോളിസ്റ്റിക് മെഡിസിൻ എന്നും പറയപ്പെടുന്നു. ആയുർവ്വേദം, സിദ്ധ തുടങ്ങിയ വൈദ്യശാസ്ത്രം പോലെ ഈ വൈദ്യശാസ്ത്രത്തിനും അതിന്റേതായ അടിസ്ഥാന തത്വങ്ങളും ഓരോ തരം വർമ്മം (Life Center - Nerve Center) ഇതിന് ഉണ്ടായേക്കാവുന്ന തകരാറുകളെ കൊണ്ട് മനുഷ്യശരീരത്തിലുണ്ടാകുന്ന രോഗ ലക്ഷണങ്ങളും പ്രത്യേക ചികിത്സാ രീതികളും പ്രതിപാദിച്ചിട്ടുണ്ട്. ഇതിൽ അടങ്കൽ, ഇളക്കുമുറൈ, കുംഭജപം, എണ്ണക്കിഴി, നസ്യം, ഉഴിച്ചിൽ തുടങ്ങിയ രോഗങ്ങൾക്കുള്ള ഔഷധങ്ങളായ ചൂർണ്ണം, കഷായം, ലേഹ്യം എന്നിവ പ്രത്യേകം പ്രത്യേകം ഓരോ തരം വർമ്മത്തിനും തരം തിരിച്ചിട്ടുണ്ട്. ശരീരം, മനസ്സ്, ജീവൻ എന്നിവക്കുള്ള സംയുക്ത ചികിത്സയായതുകൊണ്ട് ഈ വൈദ്യശാസ്ത്രത്തെ സമ്പൂർണ്ണ വൈദ്യശാസ്ത്രമായി തന്നെ കാണുന്നു. കൂടാതെ രോഗലക്ഷണങ്ങൾക്ക് ചികിത്സ നടത്തുന്നതിലൂടെ രോഗനിർമ്മാർജ്ജനത്തിലൂപരിപൂർണ്ണാരോഗ്യത്തിലേക്ക് നയിക്കാനുതകും വിധമുള്ള ശാസ്ത്രരീതിയണ് സിദ്ധവൈദ്യത്തിനോടൊപ്പം മറ്റൊരു ശാഖയായി വളർന്നത്. വർമ്മ ശ്സ്ത്ര മരുന്നുകളിൽ ലഹരിയുടെ കണികപോലും കാണുന്നില്ല.

മനുഷ്യശരീരം പ്രധാന വർമ്മങ്ങളായ 108 വർമ്മങ്ങളിൽ (മർമ്മങ്ങളിൽ) അതിൽ 12 വടുവർമ്മങ്ങളും 96 തൊടുവർമ്മങ്ങളുമാണെന്ന് ഏവർക്കും സുപരിചിതമാണല്ലോ. ഇതിൽ സ്ത്രീകൾക്ക് 107ഉം പുരുഷന്മാർക്ക് 108ഉം. പക്ഷെ വർമ്മങ്ങളുടെ എണ്ണം അവിടം കൊണ്ട് പൂർണ്ണമാകുന്നില്ല. 828 വർമ്മങ്ങളുണ്ടെന്ന് തമിഴ്ഗ്രന്ഥമായ വർമ്മവിമാനമെന്ന പ്രധാന ഗ്രന്ഥത്തിൽ സ്പഷ്ടമാക്കുന്നു. ചുരുക്കത്തിൽ ആകെയുള്ള 828 വർമ്മങ്ങളിൽ 108 കഴുത്തിന് മുകളിലായും 438 എണ്ണം നെഞ്ചിനും കഴുത്തിനു മിടക്കായും 102 എണ്ണം നെഞ്ചിനും ഇടുപ്പിനും ഇടയ്ക്കായും (Hip) 64 എണ്ണം കൈകളിലായും 96 എണ്ണം കാലുകളിലായും 20 എണ്ണം സന്ധികളിലായും (Joint cabities) പൂർണ്ണമാകുന്നു. ഈ ചികിത്സാ സമ്പ്രദായം സ്പോർട്ട്സ് മെഡിസിനായും ഉപയോഗിക്കാം. വൈദ്യശാസ്ത്രരംഗത്ത് താണുവോളജി (വർമ്മചികിത്സ) ഒരു വെല്ലുവിളി തന്നെയാണെന്ന് നിരവധി ചികിത്സാ അനുഭവങ്ങളിൽ നിന്ന് വ്യക്തവുമാണ്.

AROGYANIKETHANAM

ആരോഗ്യനികേതനം
ആയുർവേദകേന്ദ്രം
പോസ്റ്റ് ഓഫീസിനു സമീപം
തൃശൂർ – 6
ഫോൺ: 2253039
സമയം വൈകീട്ട് 5 മുതൽ 8 വരെ
നേത്രരോഗങ്ങൾക്കും സ്ത്രീരോഗങ്ങൾക്കും പ്രത്യേക ചികിത്സ